ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 16.01.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതിക്ക് ഇന്ന് ഒരു പതിറ്റാണ്ട്. ദിനാഘോഷ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will participate in a programme marking a decade of the Startup India initiative at Bharat Mandapam in New Delhi today.**

2. ഗോവ, ലക്ഷദ്വീപ്, രാജസ്ഥാൻ, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR മായി ബന്ധപ്പെട്ട അവകാശവാദങ്ങളും എതിർപ്പുകളും സമർപ്പിക്കാനുള്ള സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission of India has extended the deadline for submitting claims and objections related to SIR in Goa, Lakshadweep, Rajasthan, Puducherry, and West Bengal.**

3. ഇസ്രായേലിലേക്കുള്ള അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്നു ഇന്ത്യൻ പൗരന്മാർക്ക് നിർദേശം നൽകി ടെൽ അവീവിലെ ഇന്ത്യൻ എംബസി.

   **Embassy of India in Tel Aviv has advised Indian nationals to avoid all non-essential travel to Israel.**

4. മത്സ്യബന്ധന, മത്സ്യക്കൃഷി മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായി സംയുക്ത മന്ത്രിതല പ്രഖ്യാപനത്തിൽ ഒപ്പുവച്ച് ഇന്ത്യയും ഇസ്രായേലും.

**India and Israel have signed a Joint Ministerial Declaration of Intent to strengthen collaboration in the fisheries and aquaculture sectors.**

5. 64 മത് സംസ്ഥാന സ്കൂൾ കലോത്സവം മൂന്നാം ദിനത്തിലേക്ക്. ഇഞ്ചോടിഞ്ച് പോരാട്ടം തുടർന്ന് കണ്ണൂരും കോഴിക്കോടും.

**The 64th State School Arts Festival enters its third day, with Kannur and Kozhikode in a neck-and-neck competition for the lead.**

6. ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെൻറ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടർ ഫൈനലിൽ.

**In Badminton, India's Lakshya Sen storms into Men's Singles quarter finals of India Open in New Delhi.**

## STARTUP (INTRO)

തൊഴിൽദാതാക്കളുടെ രാജ്യമായി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യ പദ്ധതിക്ക് ഇന്ന് ഒരു പതിറ്റാണ്ട്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.

(വോയ്സ്)

**ഒരു റിപ്പോർട്ട്**

സംരംഭകത്വത്തെ ഉത്തേജിപ്പിക്കുന്നതിനായി 2016 ൽ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യ സംരംഭം ഇന്ന് ലോകത്തിലെ ഏറ്റവും വലുതും വൈവിധ്യ പൂർണ്ണവുമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകളിൽ ഒന്നായി മാറിയിരിക്കുക യാണ്. വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ പദ്ധതി സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ഡിസംബർ വരെ, രാജ്യത്ത് രണ്ട്

ലക്ഷത്തിലധികം അംഗീകൃത സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു. ബെംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി തുടങ്ങിയ സ്ഥലങ്ങളാണ് സ്റ്റാർട്ടപ്പുകളുടെ പ്രധാന കേന്ദ്രങ്ങൾ. ഫണ്ട് ഓഫ് ഫണ്ട്സ്, സ്റ്റാർട്ടപ്പ് ഇന്ത്യ സീഡ് ഫണ്ട് സ്കീം, ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം, സ്റ്റാർട്ടപ്പ് ഇന്ത്യ ഹബ് തുടങ്ങിയ പദ്ധതികൾ  ഈ സംരംഭത്തിന് ഊർജം പകരുന്നതാണ്. 2014-ൽ വെറും നാല് ബില്യൺ ഡോളർ കമ്പനികളിൽ നിന്ന് ഇന്ന് 120തിലധികം  ബില്യൺ ഡോളർ കമ്പനികളായി രാജ്യത്തെ സ്റ്റാർട്ട് അപ്പുകൾ വികസിച്ചത് സുപ്രധാന നേട്ടമായി കണക്കാക്കുന്നു.

ന്യൂസ്ഡെസ്ക് ആകാശവാണി.

## PM-NEW TRAINS

പശ്ചിമ ബംഗാളിലും അസമിലും വന്ദേഭാരത് സ്ലീപ്പർ ഉൾപ്പെടെയുള്ള പുതിയ ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ നിർവഹിക്കും.  പശ്ചിമബംഗാളിലെ ഹൗറയിൽ നിന്നും അസമിലെ കാമാഖ്യയിൽ നിന്നുമുള്ള ട്രെയിൻ സർവീസുകൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിക്കുന്നത്. പശ്ചിമബംഗാൾ, അസം, ബിഹാർ, ഒഡീഷ, ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നിവിടങ്ങളെ പരസ്പരം ബന്ധിപ്പിച്ച് യാത്ര സുഗമമാക്കാൻ പുതിയ സർവീസുകൾ സഹായകമാകും.

## IMF - INDIA GLOBAL ECONOMY

ആഗോള സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ഇന്ത്യ സുപ്രധാന ചാലകശക്തിയാണെന്ന് അന്താരാഷ്ട്ര നാണയ നിധി. മൂന്നാം പാദത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച പ്രതീക്ഷിച്ചതിലും  ശക്തമായിരുന്നുവെന്നും IMF അഭിപ്രായപ്പെട്ടു.  ഇന്ത്യയുടെ വളർച്ച ശക്തമായി തുടരുന്നതായും ആഭ്യന്തര ഉപഭോഗത്തിൻറെ വളർച്ചയാണ് ഇതിന് കാരണമെന്നും IMF  വ്യക്തമാക്കി.

## MANOHAR LAL-ELECTRICITY SUMMIT

രാജ്യത്തു വൈദ്യുതി ഉൽപ്പാദന ശേഷി ഇരട്ടിയിലധികം വർദ്ധിച്ചതായി കേന്ദ്ര മന്ത്രി മനോഹർ ലാൽ. 2014-ൽ 249 ജിഗാവാട്ട് ആയിരുന്നത് 2025-ൽ 510 ജിഗാവാട്ടിലെത്തി. ന്യൂഡൽഹിയിൽ ഭാരത് വൈദ്യുതി ഉച്ചകോടി 2026 ൻറെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ലോകത്തിലെ മൂന്നാമത്തെ വലിയ വൈദ്യുതി ഉൽപ്പാദക രാജ്യവും ഉപഭോക്താവുമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## IRAN UPDATES

രാജ്യവ്യാപക പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദേശം നൽകി വിദേശകാര്യ മന്ത്രാലയം. ഇറാനിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും ലഭ്യമായ മാർഗങ്ങളി ലൂടെ രാജ്യം വിടണമെന്നും ടെഹ്റാനിലെ ഇന്ത്യൻ എംബസി നിർദ്ദേശിച്ചു. ഇന്ത്യക്കാർ പേര് വിവരങ്ങൾ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും മന്ത്രാലയം നിർദ്ദേശിച്ചു. ഇതിനിടെ അമേരിക്കൻ സൈനിക നീക്കങ്ങളെ ക്കുറിച്ചുള്ള ആശങ്കകൾക്കിടെ അടച്ച ഇറാൻ വ്യോമപാത വീണ്ടും തുറന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## TRAVEL ADVISORY - ISRAEL

നിലവിലെ സാഹചര്യം കണക്കിലെടുത്ത്, ഇസ്രായേലിലേക്കുള്ള അത്യാവശ്യ മല്ലാത്ത എല്ലാ യാത്രകളും ഒഴിവാക്കണമെന്നു ഇന്ത്യൻ പൗരന്മാർക്ക് നിർദേശം നൽകി ടെൽ അവീവിലെ ഇന്ത്യൻ എംബസി. ഇസ്രായേലിലുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും ജാഗ്രത പാലിക്കണം. ഇസ്രായേൽ അധികൃതർ പുറപ്പെടുവിച്ച സുരക്ഷാ മാർഗ്ഗ നിർദ്ദേശ ങ്ങൾ കർശനമായി പാലിക്കണ മെന്നും എംബസി നിർദ്ദേശിച്ചു. അടിയന്തര സാഹചര്യമുണ്ടായാൽ ഇന്ത്യൻ എംബസിയുടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ നമ്പറുകളായ +972-54-7520711, +972-54-3278392 എന്നിവയുമായി ബന്ധപ്പെടാം. കൂടാതെ cons1.telaviv@mea.gov.in എന്ന ഇ-മെയിൽ വിലാസം വഴിയും ബന്ധപ്പെടാം.

☸☸☸☸☸☸☸☸☸☸☸☸☸

## NORKA

ഇറാനിലെ കേരളീയർക്കായി നോർക്ക റൂട്ട്സ് ഹെൽപ്പ്ഡെസ്ക് ആരംഭിച്ചു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ് നടപടി. സഹായം ആവശ്യമുള്ള മലയാളികൾക്ക് 1800 4253 939, 91 - 8802012345 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

☸☸☸☸☸☸☸☸☸☸☸☸☸

## JITENDRA SINGH - FOUNDATION (INTRO)

2026 ൽ ഡൽഹി, മുംബൈ, ചെന്നൈ, പൂനെ എന്നിവിടങ്ങളിൽ 50 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ വീതം സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ്. കാലാവസ്ഥാ നിരീക്ഷണ അടിസ്ഥാന സൗകര്യങ്ങളുടെ ഒരു പ്രധാന വിപുലീകരണമാണ് ഇതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹി യിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിൻറെ 151-ാമത് സ്ഥാപകദിന പരിപാടി യിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കാലാവസ്ഥ പ്രവചനത്തിലെ കൃത്യത 40 മുതൽ 50 ശതമാനം വരെ വർദ്ധിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

☸☸☸☸☸☸☸☸☸☸☸☸☸

## SHAH - KITE FESTIVAL

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ മൂന്നാമത് അന്താരാഷ്ട്ര കൈറ്റ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക പ്രവർത്തനങ്ങളും പൊതുജന പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഫെസ്റ്റിവലിന്റെ ലക്ഷ്യം. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## SIR DEADLINE EXTENDED

ഗോവ, ലക്ഷദ്വീപ്, രാജസ്ഥാൻ, പുതുച്ചേരി, പശ്ചിമ ബംഗാൾ എന്നിവിട ങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന SIR ൻറെ സമയക്രമം നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം. ഈ സംസ്ഥാന

ങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ നിർദേശങ്ങൾ പരിഗണിച്ച ശേഷമാണ് പുതുക്കിയ ഷെഡ്യൂൾ തീരുമാനിച്ചതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## ENUMERATION FORM

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരുടെ പേരുകൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാകുന്ന തരത്തിൽ പൊതു ഓഫീസുകളിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന് സുപ്രീം കോടതി. സംസ്ഥാനത്തെ എസ്ഐആർ പ്രക്രിയയുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി.

☸☸☸☸☸☸☸☸☸☸☸☸☸

## INDIA - ISRAEL DECLARATION(intro)

മത്സ്യബന്ധന, മത്സ്യക്കൃഷി മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്ന തിനായി ഇന്ത്യയും ഇസ്രായേലും സംയുക്ത മന്ത്രിതല പ്രഖ്യാപനത്തിൽ ഒപ്പുവച്ചു.

വിശദാംശങ്ങളിലേക്കു.....

(voice)

ഇസ്രായേലിൽ നടന്ന രണ്ടാമത് ബ്ലൂ ഫുഡ് സെകുരിറ്റി ഉച്ചകോടിയിലാണ് മത്സ്യബന്ധന, മത്സ്യക്കൃഷി മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനായുള്ള പ്രഖ്യാപനം ഒപ്പുവച്ചത്. മത്സ്യക്കൃഷി സാങ്കേതികവിദ്യകളിലെ സംയുക്ത ഗവേഷണത്തിലും വികസനത്തിലും ഉത്തരവാദിത്ത മത്സ്യബന്ധന രീതികളിലും പ്രഖ്യാപനം ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് കേന്ദ്ര മത്സ്യബന്ധന, മൃഗസംരക്ഷണ, മന്ത്രാലയം പറഞ്ഞു. നൂതന മത്സ്യബന്ധന, മത്സ്യക്കൃഷി മേഖലയിലെ സ്റ്റാർട്ടപ്പുകളുടെ കൈമാറ്റത്തിനും പിന്തുണക്കും പ്രഖ്യാപനം ഊന്നൽ നൽകുന്നുവെന്ന് മന്ത്രാലയം അറിയിച്ചു. മൂന്ന് ദിവസമായി നടന്ന ഉച്ചകോടിയിൽ കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ത്യൻ സംഘത്തെ നയിച്ചു.

ന്യൂസ് ഡസ്ക് ആകാശവാണി.....

## REV. HAJ-DATE EXTENSION

ഹജ്ജ് രജിസ്ട്രേഷനുള്ള സമയപരിധി ഈ മാസം 25 വരെ ദീർഘിപ്പിച്ച് കേന്ദ്ര സർക്കാർ. കോഡൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം ആവശ്യമാണെന്ന ഹജ്ജ് യാത്രക്കാരുടെ അപേക്ഷയുടെ പശ്ചാത്തലത്തി ലാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം സമയം നീട്ടിയത്. കാലാവധി ഇനി നീട്ടി നൽകില്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

## SCHOOL YOUTH FESTIVAL

64 മത് സംസ്ഥാന സ്കൂൾ കലോത്സവം മൂന്നാം ദിനത്തിലേക്ക് കടക്കുമ്പോൾ കണ്ണൂരും കോഴിക്കോടും ഇഞ്ചോടിഞ്ച് പോരാട്ടം തുടരുന്നു. ഒടുവിൽ ലഭിച്ച കണക്കുകകൾ പ്രകാരം കണ്ണൂർ 487 പോയിന്റുകളുമായി മുന്നിൽ നില്ലുന്നു. കോഴിക്കോട് 483 പോയിന്റ്റുമായി രണ്ടാം സ്ഥാനത്തും ആതിഥേയരായ തൃശൂർ 481 പോയിന്റ്കളുമായി തൊട്ടു പുറകിലുണ്ട്.

## BADMINTON

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ജപ്പാന്റെ നിഷിമോട്ടോ കെന്റയെ പരാജയപ്പെടുത്തിയാണ് ലക്ഷ്യയുടെ ക്വാർട്ടർ പ്രവേശനം. ഇന്ന് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ ലക്ഷ്യ സെൻ ചൈനീസ് തായ്പേയി താരം ലിൻ ചുൻ-യിയെ നേരിടും.

## REV. CRICKET - U-19 WORLD CUP

ഐസിസി അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോകകപ്പിൻറെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ, യുഎസ്എയെ 6 വിക്കറ്റിന് പരാജയപ്പെടുത്തി. സിംബാവേയിൽ നടന്ന മത്സരം, മഴ കാരണം 37 ഓവറാക്കി ചുരുക്കിയ

മത്സരത്തിൽ 96 റൺസ് എന്ന വിജയലക്ഷ്യം ഇന്ത്യ അനായാസം നേടി. നാളെ നടക്കുന്ന ഗ്രൂപ്പ് എ മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും.

☸☸☸☸☸☸☸☸☸☸☸☸☸

## CRICKET - WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ യു.പി. വാരിയേഴ്സിനു ജയം. ഇന്നലെ നവി മുംബൈയിൽ നടന്ന മത്സരത്തിൽ യു.പി. വാരിയേഴ്സ് ഏഴ് വിക്കറ്റിനാണു വിജയം നേടിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ, ഗുജറാത്ത് ജയൻറ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 7:30 നാണു മത്സരം.

☸☸☸☸☸☸☸☸☸☸☸☸☸

## WOMENS FOOTBALL - TURKIYE

2026 ലെ എഎഫ്സി വനിതാ ഏഷ്യൻ കപ്പ് തയ്യാറെടുപ്പുകളുടെ ഭാഗമായുള്ള പരിശീലന ക്യാമ്പിനായി ഇന്ത്യൻ സീനിയർ വനിതാ ഫുട്ബോൾ ടീം ഇന്നലെ തുർക്കിയെയിൽ എത്തി. 26 അംഗ ഇന്ത്യൻ സംഘം മൂന്ന് യൂറോപ്യൻ ക്ലബ്ബുകളുമായി സൗഹൃദ മത്സരങ്ങൾ കളിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## PIB FACT CHECK

ആധാർ അപ്ഡേറ്റ് ചെയ്യാൻ ആപ്പ് ഇൻസ്റ്റാൾചെയ്യണമെന്നും അല്ലെങ്കിൽ യോനോ ആപ്പ് ബ്ലോക്ക് ആവുമെന്ന തരത്തിൽ എസ്ബിഐയുടെ പേരിൽ പ്രചരിക്കുന്ന വിഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഇത്തരം ഫയലുകൾ ഡൗൺലോഡ് ചെയ്യരുതെന്നും വ്യക്തിഗത വിവരങ്ങളോ ബാങ്കിംഗ്, ആധാർ വിവരങ്ങളോ പങ്കുവെക്കരുതെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸
☸☸☸☸☸